ഉത്തരം

(എ) കേരളത്തിൽ ജൈവകൃഷി ചെയ്യുന്ന കൃഷിയിടത്തിന്റെ വിസ്തൃതി കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. സുഗന്ധ വ്യഞ്ജനങ്ങൾ, പച്ചക്കറികൾ, നെല്ല് തുടങ്ങിയ വിളകളിലാണ് ജൈവകൃഷി ചെയ്യുന്നത്. താലൂക്കടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

(ബി) ആലുവായിൽ പ്രവർത്തിക്കുന്ന ഇൻഡോ ജെർട് അന്തർദ്ദേശീയ നിലവാരമുള്ള സർട്ടിഫിക്കറ്റ് നൽകുന്ന ഏജൻസിയാണ്.

(സി) ഇതുസംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമല്ല.

(ഡി) സംസ്ഥാനത്ത് ജൈവകൃഷി നടത്തുകയും പ്രോത്സാഹിപ്പിക്കുകയും സംബന്ധിച്ച് സാങ്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു. അതിൽ ഇക്കാര്യവും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

മണ്ഡരി നിർമ്മാർജ്ജനത്തിനായി ഉപയോഗിക്കുന്ന കീടനാശിനികൾ

79 [3358] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരിയുടെ ആക്രമണംമൂലം കഴിഞ്ഞ രണ്ട് വർഷത്തിൽ നാളികേര ഉല്പാദനത്തിൽ എത്ര ശതമാനം വീതം കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ഡരി നിർമ്മാർജ്ജനത്തിനായി ഏതെല്ലാം കീടനാശിനികളാണ് കൃഷി വകുപ്പ് ഇപ്പോൾ ഉപയോഗിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജൈവകീടനാശിനികളും ജൈവനിയന്ത്രണ മാർഗ്ഗങ്ങളും ഇക്കാര്യത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ മുഖ്യമായും ഉപയോഗപ്പെടുത്തുന്ന കീടനാശിനികൾ ഏതെല്ലാമാണെന്നും അവ ഏതൊക്കെ കമ്പനികളുടേതാണെന്നും സംസ്ഥാന സർക്കാർ ആർക്കാണ് ഇത് സപ്ലൈ ചെയ്യുന്നതിനായി ഓർഡർ നൽകിയിട്ടുള്ളതെന്നും അക്കാര്യത്തിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടുവർഷങ്ങളിൽ മണ്ഡരി ബാധമൂലം 10 ശതമാനത്തിലും താഴെയാണ് നാളികേര ഉല്പാദനത്തിൽ കുറവുണ്ടായിട്ടുള്ളത്.

(ബി) മണ്ഡരി രോഗ നിയന്ത്രണത്തിനായി വേപ്പിൻസത്ത് അടങ്ങിയ അസാഡിറാക്ടർ എന്ന ജൈവകീടനാശിനിയും വെളുത്തുള്ളി വേപ്പെണ്ണ മിശ്രിതവുമാണ് ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നത്.

(സി) വേപ്പിൻസത്ത് അടങ്ങിയ അസാഡിറാക്ടിൻ എന്ന ജൈവകീടനാശിനിയാണ് മണ്ഡരി കീടനിയന്ത്രണത്തിനായി പ്രയോഗിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly.

(ഡി) വേപ്പടിസ്ഥിത ജൈവകീടനാശിനികളായ അസാഡിറാക്ടിൻ അല്ലെങ്കിൽ വേപ്പെണ്ണ, വെളുത്തുള്ളി-സോപ്പ് മിശ്രിതവുമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. വിവിധ പദ്ധതികളിൽ കീടനാശിനികളും മറ്റും വിതരണം ചെയ്യുന്നത് പെർമിറ്റ് മുഖേനയാണ്. കൃഷിക്കാർക്ക് കൃഷിഭവനുകളിൽനിന്നും നൽകുന്ന പെർമിറ്റുമുഖേന സഹകരണ സംഘങ്ങൾ വഴിയാണ് ഉല്പാദനോപാധികൾ ലഭ്യമാക്കുന്നത്. കൃഷിവകുപ്പ് ഈ സാമഗ്രികൾ വാങ്ങി വിതരണം ചെയ്യുന്നില്ലെന്നതിനാൽ സ്റ്റോർപർച്ചേസ് നിയമം പാലിക്കുന്ന കാര്യം പ്രസക്തമല്ല.

വിള ഇൻഷ്വറൻസ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

80 [3359] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ലെ വെള്ളപ്പൊക്കത്തെ തുടർന്ന് കൃഷിനാശം ഉണ്ടായ കുട്ടനാട്ടിൽ വിള ഇൻഷ്വറൻസ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിയപ്പോൾ നെടുമുടി, കൈനകരി കൃഷിഭവനുകളുടെ കീഴിലുള്ള പാടശേഖരങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ആനുകൂല്യങ്ങൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ കൃഷിനാശം പൂർണ്ണമായിരുന്നതിനാൽ വിളവെടുപ്പുകണക്ക് പുനർനിർണ്ണയിച്ചു നൽകാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ വിളവെടുപ്പിന്റെ കണക്ക് പുനർനിർണ്ണയിച്ചുനൽകുകയും പ്രസ്തുത പ്രദേശങ്ങൾ ഉൾപ്പെടുന്ന ചമ്പക്കുളം ബ്ലോക്കിനു പ്രത്യേകാനുമതി നൽകാൻ കേന്ദ്രസർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് കൃഷിനാശം സംഭവിച്ച കർഷകർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

81 [3360] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പെരിയ കൃഷിഭവന്റെ കീഴിൽവരുന്ന പ്രദേശങ്ങളിൽ 2002 ഏപ്രിൽ മാസത്തിലുണ്ടായ ശക്തമായ ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഹർജിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly